"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കുമരംപുത്തൂർ കല്ലടി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി.(കെമിസ്ട്രി) ശ്രീ.നിർമ്മൽ കുമാർ എം.ബി., എച്ച്.എസ്.എസ്.ടി. (ഫിസിക്സ്) ശ്രീമതി. റോസിനി ദേവി ജി., എച്ച്.എസ്.എസ്.ടി.(മാത്സ്) ശ്രീ.മാധവൻ പോറ്റി വി. എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP(C)No.26800/2023-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 14.08.2023 തീയതി വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2557/2024/GEDN തീയതി, തിരുവനന്തപുരം, 04-04-2024**

---

പരാമർശം:-

1. പാലക്കാട് കുമരംപുത്തൂർ കല്ലടി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി. (കെമിസ്ട്രി) ശ്രീ.നിർമ്മൽ കുമാർ എം.ബി. സർക്കാരിൽ സമർപ്പിച്ച 27/07/2023 തീയതിയിലെ പുന:പരിശോധനാ ഹർജി (Ext.P9).
2. പാലക്കാട് കുമരംപുത്തൂർ കല്ലടി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി. (ഫിസിക്സ്) ശ്രീമതി. റോസിനി ദേവി ജി. സർക്കാരിൽ സമർപ്പിച്ച 27/07/2023 തീയതിയിലെ പുന:പരിശോധനാ ഹർജി (Ext.P10).
3. പാലക്കാട് കുമരംപുത്തൂർ കല്ലടി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി. (മാത്സ്) ശ്രീ.മാധവൻ പോറ്റി വി. സർക്കാരിൽ സമർപ്പിച്ച 27/07/2023 തീയതിയിലെ പുന:പരിശോധനാ ഹർജി (Ext.P11).
4. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 26800/2023-ന്മേലുള്ള 14.08.2023-തീയതി ഇടക്കാല വിധിന്യായം.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 13/11/2023 തീയതിയിലെ എച്ച് എസ്സ്ഇ/9493/2023/എസിഡി. സി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് കുമരംപുത്തൂർ കല്ലടി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി.(കെമിസ്ട്രി) ശ്രീ.നിർമ്മൽ കുമാർ എം.ബി., എച്ച്.എസ്.എസ്.ടി. (ഫിസിക്സ്) ശ്രീമതി. റോസിനി ദേവി ജി., എച്ച്.എസ്.എസ്.ടി.(മാത്സ്) ശ്രീ.മാധവൻ പോറ്റി വി. എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP(C)No. 26800/2023-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 4 വിധിന്യായത്തിൽ ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 മുതൽ 3 വരെയുള്ള

(Ext.P9 മുതൽ P11വരെ) പുന:പരിശോധനാ ഹർജികൾ ഹർജിക്കാരെയും മാനേജരെയും കേട്ട് തീർപ്പാക്കുന്നതിന് ടി റിട്ട് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 16.11.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരനായ ശ്രീ.മാധവൻ പോറ്റി വി.യുടെ അപേക്ഷ ഇപ്രകാരമാണ്:**

കുമരംപുത്തൂർ കല്ലടി ഹയർ സെക്കൻഡറി സ്കൂളിൽ 28.6.2004 മുതൽ HSST (Jr) ഗണിതം അധ്യാപകനായി ജോലി ചെയ്തിരുന്ന വ്യക്തിയാണ് ഞാൻ. HSST (Jr) ഗണിതം അധ്യാപകനായി ജോലിയിൽ പ്രവേശിക്കുമ്പോൾ ഈ സ്കൂളിൽ രണ്ട് സയൻസ് ബാച്ച് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് പ്രകാരം ഗണിതം വിഷയത്തിലുള്ള 32 പീരിയേഡ് വർക്ക് ലോഡിൽ ഒരു HSST തസ്തികക്ക് പുറമെ അനുവദിച്ചിരുന്ന ഒരു HSST (Jr) തസ്തികയിലാണ് എനിക്ക് നിയമനം ലഭിച്ചിരുന്നത്.

സർക്കാർ ഉത്തരവ് Acd.C3/16830/2013/HSE Dated 21.8.2014 പ്രകാരം 8.8.2014 മുതൽ ഒരു പുതിയ ബയോളജി ബാച്ച് കൂടി പ്രവർത്തനമാരംഭിച്ചതുമൂലം ഗണിതം വിഷയത്തിലെ വർക്ക് ലോഡ് 2014-15 വർഷത്തിൽ ആഴ്ചയിൽ 40 പീരിയേഡ് ആയും 2015-16 വർഷം മുതൽ 48 പീരിയേഡ് ആയും ഉയരുകയുണ്ടായി. അത് പ്രകാരം വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ 8.8.2014 മുതൽ രണ്ട് HSST ഗണിതം തസ്തികകൾ അനുവദിക്കേണ്ടതായിട്ടുള്ളതും ഞാൻ ജോലി ചെയ്തിരുന്ന HSST (Jr) തസ്തിക 8.8.2014 മുതൽ അപ്ഗ്രേഡ് ചെയ്ത് HSST തസ്തിക ആക്കുകയും ചെയ്യേണ്ടതായിരുന്നു. 8.8.2014 മുതൽ തന്നെ HSST തസ്തിക ആയി ഉയർത്തപ്പെടും എന്ന ഉത്തമവിശ്വാസത്തിൽ അധികബാച്ച് അനുവദിച്ചത് വഴി ഗണിതം വിഷയത്തിൽ ഉണ്ടായ അധിക പീരിയേഡുകൾ മുഴുവനും ഞാൻ കൈകാര്യം ചെയ്തിട്ടുണ്ട്. അത് പ്രകാരം 2014-15 വർഷം 8.8.2014 മുതൽ ഗണിതം തസ്തികയിൽ ആഴ്ചയിൽ 15 പീരിയേഡുകളും 2015-16 വർഷം മുതൽ ആഴ്ചയിൽ 23 പീരിയേഡുകളും പഠിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗണിതം തസ്തിക 8.8.2014 മുതൽ HSST തസ്തികയായി ഉയർത്തപ്പെടേണ്ടതായിരുന്നു.

എന്നാൽ 2014-15 മുതൽ പ്രവർത്തിച്ചു വരുന്ന അധികബാച്ചിലേക്ക് തസ്തികകൾ അനുവദിച്ച GO(Ms)No.106/2017/G.EDN Dated 21.8.2017 പ്രകാരം ഉത്തരവ് നിലവിൽ വന്ന തീയതിയായ 21.8.2017 പ്രാബല്യത്തിൽ മാത്രമാണ് ഗണിതം തസ്തിക HSST ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത്. അത് പ്രകാരം 21.8.2017 മുതൽ എനിക്ക് അപ്ഗ്രഡേഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ HSST(Jr) തസ്തികയിൽ 8.8.2014 മുതൽ തന്നെ സീനിയർ അദ്ധ്യാപകന്റെ വർക്ക് ലോഡ് നിലനിൽക്കുന്നതിനാലും ഈ തിയതി മുതൽ സീനിയർ അദ്ധ്യാപകൻ കൈകാര്യം ചെയ്യേണ്ട പീരിയേഡുകൾ ഞാൻ പഠിപ്പിച്ചിരുന്നതിനാലും 8.8.2014 മുതൽ തന്നെ അപ്ഗ്രഡേഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഞാൻ ജോലി ചെയ്തിരുന്ന HSST (Jr) ഗണിതം തസ്തിക 8.8.2014 മുതൽ അപ്ഗ്രേഡ് ചെയ്ത് അന്നുമുതൽ എനിക്ക് സർവീസ് അനുവദിച്ച് തരണമെന്ന് സവിനയം അപേക്ഷിക്കുന്നു.

**3. ഹർജിക്കാരനായ ശ്രീ.നിർമ്മൽ കുമാർ എം.ബി.യുടെ അപേക്ഷ ഇപ്രകാരമാണ് :**

കുമരംപുത്തൂർ കല്ലടി ഹയർ സെക്കൻഡറി സ്കൂളിൽ 17.7.2001 മുതൽ HSST (Jr) കെമിസ്ട്രി അധ്യാപകനായി ജോലി ചെയ്തിരുന്ന വ്യക്തിയാണ് ഞാൻ. HSST (Jr) കെമിസ്ട്രി

അധ്യാപകനായി ജോലിയിൽ പ്രവേശിക്കുമ്പോൾ ഈ സ്കൂളിൽ രണ്ട് സയൻസ് ബാച്ച് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് പ്രകാരം കെമിസ്ട്രി വിഷയത്തിലുള്ള 32 പീരിയേഡ് വർക്ക് ലോഡിൽ ഒരു HSST തസ്തികയ്ക്ക് പുറമെ അനുവദിച്ചിരുന്ന ഒരു HSST (Jr) തസ്തികയിലാണ് എനിക്ക് നിയമനം ലഭിച്ചിരുന്നത്. ഉത്തരവ് Acd.C3/16830/2013/HSE Dated 21.8.2014 പ്രകാരം 8.8.2014 മുതൽ ഒരു പുതിയ ബയോളജി ബാച്ച് കൂടി പ്രവർത്തനമാരംഭിച്ചതുമൂലം കെമിസ്ട്രി വിഷയത്തിലെ വർക്ക് ലോഡ് 2014-15 വർഷത്തിൽ ആഴ്ചയിൽ 40 പീരിയേഡ് ആയും 2015-16 വർഷം മുതൽ 48 പീരിയേഡ് ആയും ഉയരുകയുണ്ടായി. അത് പ്രകാരം വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ 8.8.2014 മുതൽ രണ്ട് HSST കെമിസ്ട്രി തസ്തികകൾ അനുവദിക്കേണ്ടതായിട്ടുള്ളതും ഞാൻ ജോലി ചെയ്തിരുന്ന HSST (Jr) തസ്തിക 8.8.2014 മുതൽ അപ്ഗ്രേഡ് ചെയ്ത് HSST തസ്തിക ആക്കുകയും ചെയ്യേണ്ടതായിരുന്നു. 8.8.2014 മുതൽ തന്നെ HSST തസ്തിക ആയി ഉയർത്തപ്പെടും എന്ന ഉത്തമവിശ്വാസത്തിൽ അധിക ബാച്ച് അനുവദിച്ചത് വഴി കെമിസ്ട്രി വിഷയത്തിൽ ഉണ്ടായ അധിക പീരിയേഡുകൾ മുഴുവനും ഞാൻ കൈകാര്യം ചെയ്തിട്ടുണ്ട്. അത് പ്രകാരം 2014-15 വർഷം 8.8.2014 മുതൽ കെമിസ്ട്രി തസ്തികയിൽ ആഴ്ചയിൽ 15 പീരിയേഡുകളും 2015-16 വർഷം മുതൽ ആഴ്ചയിൽ 23 പീരിയേഡുകളും പഠിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെമിസ്ട്രി തസ്തിക 8.8.2014 മുതൽ HSST തസ്തികയായി ഉയർത്തപ്പെടേണ്ടതായിരുന്നു.

എന്നാൽ 2014-15 മുതൽ പ്രവർത്തിച്ചുവരുന്ന അധിക ബാച്ചിലേക്ക് തസ്തികകൾ അനുവദിച്ച സർക്കാർ ഉത്തരവ് GO(Ms)No.106/2017/G.EDN Dated 21.8.2017 പ്രകാരം ഉത്തരവ് നിലവിൽ വന്ന തീയതിയായ 21.8.2017 പ്രാബല്യത്തിൽ മാത്രമാണ് കെമിസ്ട്രി തസ്തിക HSST ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത്. അത് പ്രകാരം 21.8.2017 മുതൽ എനിക്ക് അപ്ഗ്രഡേഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ HSST (Jr) തസ്തികയിൽ 8.8.2014 മുതൽ തന്നെ സീനിയർ അദ്ധ്യാപകന്റെ വർക്ക് ലോഡ് നിലനിൽക്കുന്നതിനാലും ഈ തിയതി മുതൽ സീനിയർ അദ്ധ്യാപകൻ കൈകാര്യം ചെയ്യേണ്ട പീരിയേഡുകൾ ഞാൻ പഠിപ്പിച്ചിരുന്നതിനാലും 8.8.2014 മുതൽ തന്നെ അപ്ഗ്രഡേഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഞാൻ ജോലി ചെയ്തിരുന്ന HSST (Jr) കെമിസ്ട്രി തസ്തിക 8.8.2014 മുതൽ അപ്ഗ്രേഡ് ചെയ്ത് അന്നുമുതൽ എനിക്ക് സർവീസ് അനുവദിച്ച് തരണമെന്ന് സവിനയം അപേക്ഷിക്കുന്നു.

**4. ഹർജിക്കാരിയായ ശ്രീമതി. റോസിനി ദേവി ജി. ഇപ്രകാരം അപേക്ഷിച്ചിരിക്കുന്നു :**

കുമരംപുത്തൂർ കല്ലടി ഹയർ സെക്കൻഡറി സ്കൂളിൽ 23.08.2001മുതൽ HSST (Jr) ഫിസിക്സ് അദ്ധ്യാപികയായി ജോലി ചെയ്തിരുന്ന വ്യക്തിയാണ് ഞാൻ. HSST (Jr) ഫിസിക്സ് അദ്ധ്യാപികയായി ജോലിയിൽ പ്രവേശിക്കുമ്പോൾ ഈ സ്ക്കുളിൽ രണ്ട് സയൻസ് ബാച്ച് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് പ്രകാരം ഫിസിക്സ് വിഷയത്തിലുള്ള 32 പീരിയേഡ് വർക്ക് ലോഡിൽ ഒരു HSST തസ്തികയ്ക്ക് പുറമെ അനുവദിച്ചിരുന്ന ഒരു HSST (Jr) തസ്തികയിലാണ് എനിക്ക് നിയമനം ലഭിച്ചിരുന്നത്.

ഉത്തരവ് Acd.C3/16830/2013/HSE Dated 21.8.2014 പ്രകാരം 8.8.2014 മുതൽ ഒരു പുതിയ ബയോളജി ബാച്ച് കൂടി പ്രവർത്തനമാരംഭിച്ചതുമൂലം ഫിസിക്സ് വിഷയത്തിലെ വർക്ക് ലോഡ് 2014-15 വർഷത്തിൽ ആഴ്ചയിൽ 40 പീരിയേഡ് ആയും 2015-16 വർഷം

മുതൽ 48 പീരിയേഡ് ആയും ഉയരുകയുണ്ടായി. അത് പ്രകാരം വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ 8.8.2014 മുതൽ രണ്ട് HSST ഫിസിക്സ് തസ്തികകൾ അനുവദിക്കേണ്ടതായിട്ടുള്ളതും ഞാൻ ജോലി ചെയ്തിരുന്ന HSST (Jr) തസ്തിക 8.8.2014 മുതൽ അപ്ഗ്രേഡ് ചെയ്ത് HSST തസ്തിക ആക്കുകയും ചെയ്യേണ്ടതായിരുന്നു. 8.8.2014 മുതൽ തന്നെ HSST തസ്തിക ആയി ഉയർത്തപ്പെട്ടും എന്ന ഉത്തമവിശ്വാസത്തിൽ അധികബാച്ച് അനുവദിച്ചത് വഴി ഫിസിക്സ് വിഷയത്തിൽ ഉണ്ടായ അധിക പീരിയേഡുകൾ മുഴുവനും ഞാൻ കൈകാര്യം ചെയ്തിട്ടുണ്ട്. അത് പ്രകാരം 2014-15 വർഷം 8.8.2014 മുതൽ ഫിസിക്സ് തസ്തികയിൽ ആഴ്ചയിൽ 15 പീരിയേഡുകളും 2015-16 വർഷം മുതൽ ആഴ്ചയിൽ 23 പീരിയേഡുകളും പഠിപ്പിക്കേണ്ടി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഫിസിക്സ് തസ്തിക 8.8.2014 മുതൽ HSST തസ്തികയായി ഉയർത്തപ്പെടേണ്ടതായിരുന്നു.

എന്നാൽ 2014-15 മുതൽ പ്രവർത്തിച്ചു വരുന്ന അധിക ബാച്ചിലേക്ക് തസ്തികകൾ അനുവദിച്ച സർക്കാർ ഉത്തരവ് GO(Ms)No.106/2017/G.EDN Dated 21.8.2017 പ്രകാരം ഉത്തരവ് നിലവിൽ വന്ന തീയതിയായ 21.8.2017 പ്രാബല്യത്തിൽ മാത്രമാണ് ഫിസിക്സ് തസ്തിക HSST ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത്. അത് പ്രകാരം 21.8.2017 മുതൽ എനിക്ക് അപ്ഗ്രഡേഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ HSST (Jr) തസ്തികയിൽ 8.8.2014 മുതൽ തന്നെ സീനിയർ അദ്ധ്യാപകന്റെ വർക്ക് ലോഡ് നിലനിൽക്കുന്നതിനാലും ഈ തിയതി മുതൽ സീനിയർ അദ്ധ്യാപകൻ കൈകാര്യം ചെയ്യേണ്ട പീരിയേഡുകൾ ഞാൻ പഠിപ്പിച്ചിരുന്നതിനാലും 8.8.2014 മുതൽ തന്നെ അപ്ഗ്രഡേഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഞാൻ ജോലി ചെയ്തിരുന്ന HSST (Jr) ഫിസിക്സ് തസ്തിക 8.8.2014 മുതൽ അപ്ഗ്രേഡ് ചെയ്ത് അന്നുമുതൽ എനിക്ക് സർവീസ് അനുവദിച്ച് തരണമെന്ന് സവിനയം അപേക്ഷിക്കുന്നു.

**5. പ്രിൻസിപ്പൽ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :**

1. കുമരംപുത്തൂർ കല്ലടി ഹയർ സെക്കൻഡറി സ്കൂളിൽ 2014-15 വർഷം വരെ Biology, Computer Science, Commerce എന്നീ ബാച്ചുകളും ഇതനുസരിച്ച് Chemistry, Physics, Maths വിഷയങ്ങൾക്ക് ആഴ്ച്ചയിൽ 32 പീരിയേഡുകളും ആണ് ഉണ്ടായിരുന്നത്. ഇത് പ്രകാരം ഈ വിഷയങ്ങൾക്ക് 25 പീരിയേഡിന് ഒരു HSST തസ്തികയും ബാക്കിയുള്ള 7 പീരിയേഡിന് ഒരു HSST (Jr) തസ്തികയും അനുവദിക്കപ്പെട്ടിരുന്നു.

2. 2014-15 വർഷം സർക്കാർ ഉത്തരവ് Acd.C3/16830/2013/HSE Dated 21.8.2014 പ്രകാരം 8.8.2014 മുതൽ ഒരു പുതിയ ബയോളജി ബാച്ച് അനുവദിച്ചു. ഇതനുസരിച്ച് മേൽ വിഷയങ്ങൾക്ക് നേരത്തെയുള്ള 32 പീരിയേഡിന് പുറമെ 8 പീരിയേഡ് കൂടി വർദ്ധിച്ച് ആഴ്ചയിൽ 40 പീരിയേഡ് ആയി. HSST-യുടെ 25 പീരിയേഡ് കഴിച്ചാൽ ബാക്കി വരുന്ന 15 പീരിയേഡിന് ഒരു HSST തസ്തിക കൂടി അധികമായി അനുവദിക്കേണ്ടതുണ്ട്. ഇതനുസരിച്ച് നിലവിലെ HSST (Jr) അധ്യാപകനെ 8.8.2014 മുതൽ HSST ആയി ഉയർത്തേണ്ടതുണ്ട്. HSST (Jr) അദ്ധ്യാപകന് 14 പീരിയേഡ് ആണ് പഠിപ്പിക്കേണ്ടത്. 14 പീരിയേഡ് കഴിഞ്ഞാൽ സ്വാഭാവികമായും ഈ തസ്തിക HSST ആയി മാറും.

3. 2015-16 വർഷം രണ്ടാം വർഷം തുടങ്ങിയതോടെ പീരിയേഡ് 48 ആയി ഉയർന്നു. ഇതനുസരിച്ച് 2 HSST തസ്തികകൾ അനുവദിക്കേണ്ടതുണ്ട് (25+23=48). എന്നാൽ ഈ വർഷവും HSST (Jr) തസ്തിക അതേപടി തുടരുകയാണുണ്ടായത്.

4. 2014-15 മുതൽ പ്രവർത്തിച്ചുവരുന്ന അധിക ബാച്ചിലേക്ക് ഒരു അധിക HSST തസ്തിക അനുവദിച്ചത് 21.8.2017 പ്രാബല്യത്തിലാണ്. [GO (Ms)No. 106/2017/G.EDN Dated 21.8.2017] ഈ തിയതി മുതൽ മാത്രമാണ് HSST (Jr) തസ്തിക HSST ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത്.

5. 8.8.2014 മുതൽ പുതിയ ബയോളജി ബാച്ച് പ്രവർത്തനമാരംഭിച്ചതുമൂലം കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ് വിഷയങ്ങളിൽ ഉണ്ടായ അധിക പീരിയേഡുകൾ ശ്രീ നിർമൽ കുമാർ (കെമിസ്ട്രി), ശ്രീ മാധവൻ പോറ്റി (മാത്തമാറ്റിക്സ്), ശ്രീമതി റോസിനി ദേവി (ഫിസിക്സ്) എന്നീ അധ്യാപകർ തന്നെയാണ് കൈകാര്യം ചെയ്തിട്ടുള്ളത്. അതിനാൽ ഈ തസ്തികകൾ 8.8.2014 മുതൽക്ക് തന്നെ HSST ആയി ഉയർത്തണം എന്ന ആവശ്യം ന്യായമാണ്.

**6. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം) ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

പാലക്കാട് കുമരംപുത്തൂർ കല്ലടി എച്ച്.എസ്.എസ്.ൽ 2014-15 അധ്യയന വർഷം മുതൽ തന്നെ HSST-യുള്ള വർക്ക് ലോഡ് ഉണ്ടെന്നും അതിനാൽ 08/08/2014 മുതൽ HSST ആയി നിയമനാംഗീകാരം നൽകണമെന്നും ആവശ്യപ്പെട്ടാണ് ടി അധ്യാപകർ ബഹു. ഹൈക്കോടതിയിൽ 26800/2023 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

പാലക്കാട് കുമരംപുത്തൂർ കല്ലടി എച്ച്.എസ്.എസ്.ൽ 31/7/2014-ലെ GO(Ms)No.143/2014/GEDN പ്രകാരം ഒരു അഡീഷണൽ സയൻസ് ബാച്ച് (കോഴ്സ് കോഡ് - 01) അനുവദിക്കുകയും 21/08/2017-ലെ GO(Ms) No.106/2017/GEDN പ്രകാരം ടി ബാച്ചിൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഗണിതം എന്നീ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുകയും ഒരു HSST (Jr) ഇംഗ്ലീഷ് തസ്തിക അനുവദിക്കുകയും ചെയ്തിരുന്നു. ടി തസ്തികകൾക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് 21/08/2017-ലെ GO(Ms) No.106/2017/GEDN-ൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ റിട്ട് ഹർജിയിലെ ഹർജിക്കാരായ അധ്യാപകരുടെ സേവന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | നിലവിലെ തസ്തിക | HSST Jr ആയി നിയമനാംഗീകാരം ലഭിച്ച തീയതി | HSST ആയി നിയമനാംഗീകാരം ലഭിച്ച തീയതി |
|---|---|---|---|---|
| 1 | ശ്രീ.നിർമ്മൽ കുമാർ എം.ബി. | HSST കെമിസ്ട്രി | 17/07/2001 മുതൽ | 21/08/2017 മുതൽ |
| 2 | ശ്രീമതി. റോസിനി ദേവി ജി. | HSST ഫിസിക്സ് | 23/08/2001 മുതൽ | 21/08/2017 മുതൽ |
| 3 | ശ്രീ.മാധവൻ പോറ്റി വി. | HSST ഗണിതം | 28/06/2004 മുതൽ | 21/08/2017 മുതൽ |

21/08/2017-ലെ GO(Ms)No.106/2017/GEDN പ്രകാരം അനുവദിച്ച തസ്തികകൾക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് ടി സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ടി സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തസ്തികകളിൽ, ടി സ്കൂളിലെ അധ്യാപകരായ ശ്രീ. നിർമ്മൽ കുമാർ എം.ബി. HSST (കെമിസ്ട്രി), ശ്രീമതി. റോസിനി

ദേവി ജി. HSST (ഫിസിക്സ്), ശ്രീ. മാധവൻ പോറ്റി HSST (ഗണിതം) എന്നിവർക്ക് (അപ്ഗ്രേഡഡ് തസ്തികയിൽ) GO(Ms)No.106/2017/GEDN-ന്റെ തീയതിയായ 21/08/2017 തീയതി പ്രാബല്യത്തിൽ HSST ആയി നിയമനാംഗീകാരം നൽകിയിട്ടുള്ളതായി കാണുന്നു.

**7.** സർക്കാർ ഇക്കാര്യം ഹർജിക്കാരുടെയും പ്രിൻസിപ്പലിന്റെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരുടെ നിയമനം എച്ച്.എസ്.എസ്.ടി. തസ്തികയിൽ 08.08.2014 മുതൽ നോഷണലായി അംഗീകാരം നൽകണമെന്നതാണ് ആവശ്യം. ടി സ്കൂളിൽ 2014-15 വർഷം വരെ ബയോളജി, കംപ്യൂട്ടർ സയൻസ്, കോമേഴ്സ് എന്നീ ബാച്ചുകളും, കെമിസ്ട്രി, ഫിസിക്സ്, മാത്സ് വിഷയങ്ങൾക്ക് ആഴ്ചയിൽ 32 പീരീഡുകളും ഉണ്ടായിരുന്നുവെന്നും; 25 പീരീഡിന് ഒരു എച്ച്.എസ്.എസ്.റ്റി. തസ്തികയും 7 പീരീഡിന് ഒരു എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയും അനുവദിച്ചിരുന്നുവെന്നും; 2014-15 വർഷം 08.08.2014 മുതൽ ഒരു പുതിയ ബയോളജി ബാച്ച് അനുവദിച്ചപ്പോൾ 8 പീരീഡ് വർദ്ധിച്ച് ആഴ്ചയിൽ 40 പീരീഡ് ആവുകയും, 25 പീരീഡ് കഴിച്ച് ബാക്കിയുള്ള 15 പീരീഡിന് ഒരു എച്ച്.എസ്.എസ്.ടി. തസ്തിക അനുവദിക്കേണ്ടതാണെന്നും; എച്ച്.എസ്.എസ്.ടി.(ജൂനിയർ) നെ 08.08.2014 മുതൽ എച്ച്.എസ്.എസ്.ടി. ആയി മാറ്റേണ്ടതാണെന്നും, 2015-16 വർഷം 48 പീരീഡ് ആയെന്നും, ഇതനുസരിച്ച് 2 എച്ച്.എസ്.എസ്.ടി. തസ്തികകൾ അനുവദിക്കേണ്ടതാണെന്നും; എന്നാൽ 2014-15 മുതലുള്ള അധിക ബാച്ചിലേയ്ക്ക് ഒരു അധിക എച്ച്.എസ്.എസ്.ടി. തസ്തിക അനുവദിച്ചത് 21.08.2017 പ്രാബല്യത്തിലാണെന്നും; ഈ തീയതി മുതൽ മാത്രമാണ് എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തിക എച്ച്.എസ്.എസ്.ടി. ആയി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതെന്നും; ഹർജിക്കാരിയുടെ നിയമനം 08.08.2014 പ്രാബല്യത്തിൽ എച്ച്.എസ്.എസ്.ടി. തസ്തികയിൽ അംഗീകരിച്ചു നൽകണമെന്നുമാണ് ടി സ്കൂൾ പ്രിൻസിപ്പാൾ വാദിക്കുന്നത്.

**8.** ടി സ്കൂളിൽ G.O.(Ms)No.143/2014/GEDN dated 31.07.2014 പ്രകാരം ഒരു അഡീഷണൽ സയൻസ് ബാച്ച് അനുവദിച്ചുവെന്നും; G.O.(Ms)No.106/2017/GEDN dated 21.08.2017 പ്രകാരം ടി ബാച്ചിൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, മാത്സ് തസ്തികകൾ അപ്ഗ്രേഡ് ചെയ്യുകയും ഒരു എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് തസ്തിക അനുവദിക്കുകയും, ടി തസ്തികകൾക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടെന്നും ഹർജിക്കാരുടെ നിയമനത്തീയതി 2001, 2004 വർഷങ്ങളിലാണെങ്കിലും നിയമനാംഗീകാരം ലഭിച്ചിട്ടുള്ളത് 21.08.2017 (സർക്കാർ ഉത്തരവ് തീയതി) മുതലാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**9.** 2001-2004 വർഷങ്ങൾ മുതൽ സേവനമനുഷ്ഠിച്ചു വരുന്ന തസ്തികകളിൽ 2014-15 വർഷം മുതൽ മതിയായ എണ്ണം കുട്ടികളുള്ളതിനാലും ടി അധ്യാപകർ ജൂനിയർ ആയിരുന്ന കാലയളവിൽ സീനിയർ അധ്യാപകരുടെ ഡ്യൂട്ടി കൂടി നിർവ്വഹിച്ചിരുന്നത് കണക്കിലെടുത്തും ഹർജിക്കാരുടെ നിയമനം 08.08.2014 മുതൽ നോഷണലായി അംഗീകരിച്ചു നൽകണമെന്ന്

ഹിയറിംങ് വേളയിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

**10.** മേൽ സാഹചര്യത്തിൽ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ള 21/08/2017-ലെ GO(Ms)No.106/2017/GEDN-ന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ ഹർജിക്കാരുടെ നിയമനം 08.08.2014 മുതൽ എച്ച്.എസ്.എസ്.ടി. തസ്തികയിൽ നോഷണലായി അംഗീകാരം നൽകണമെന്ന പരാമർശം 1 മുതൽ 3 വരെയുള്ള (Ext.P9 മുതൽ P11വരെ) പുന:പരിശോധനാ ഹർജികളിലെ ആവശ്യം പരിഗണനാർഹമല്ലാത്തിനാൽ അവ നിരസിച്ച് തീർപ്പാക്കി, അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 4 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കൻഡറി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
മേഖലാ ഉപഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം),
സിവിൽ സ്റ്റേഷൻ, മലപ്പുറം.
ശ്രീ.നിർമ്മൽ കുമാർ എം.ബി., ഹയർ സെക്കൻഡറി സ്കൂൾ
ടീച്ചർ(കെമിസ്ട്രി), കല്ലടി ഹയർ സെക്കന്ററി സ്കൂൾ,
കുമരംപുത്തൂർ, പാലക്കാട്.
ശ്രീമതി. റോസിനി ദേവി ജി., ഹയർ സെക്കൻഡറി സ്കൂൾ
ടീച്ചർ(ഫിസിക്സ്), കല്ലടി ഹയർ സെക്കൻഡറി സ്കൂൾ,
കുമരംപുത്തൂർ, പാലക്കാട്.
ശ്രീ.മാധവൻ പോറ്റി വി., ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ(മാത്സ്)
കല്ലടി ഹയർ സെക്കൻഡറി സ്കൂൾ, കുമരംപുത്തൂർ, പാലക്കാട്.
പ്രിൻസിപ്പൽ, കല്ലടി ഹയർ സെക്കൻഡറി സ്കൂൾ,
കുമരംപുത്തൂർ, പാലക്കാട്
മാനേജർ, കല്ലടി ഹയർ സെക്കൻഡറി സ്കൂൾ, കുമരംപുത്തൂർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ് (No.JA2/12/2024-GEDN dtd 28.2.2024)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 05-04-2024 10:53:47
സെക്ഷൻ ഓഫീസർ